**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4565** **19-03-2025 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ ലാന്റ് ബാങ്ക് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങിനൽകുന്ന ലാന്റ് ബാങ്ക് പദ്ധതിയിലേക്ക് ഏറ്റെടുത്ത വൈപ്പിൻ മണ്ഡലത്തിലെ എളംകുന്നപ്പുഴ പഞ്ചായത്തിലെ 32.10 ആർ ഭൂമി അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | **എറണാകുളം ജില്ലയിൽ ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി ലാന്റ് ബാങ്ക് പദ്ധതി പ്രകാരം കൊച്ചി താലൂക്കിലെ എളംകുന്നപ്പുഴ വില്ലേജിൽ ഉൾപ്പെട്ട 32.10 ആർ വസ്തുവിൽ എളംകുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ ചാപ്പാകടപ്പുറത്ത് താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി ടി സ്ഥലത്ത് അതിർത്തി കല്ല് സ്ഥാപിക്കുന്നതിനും ഭവന നിർമ്മാണം, ഇന്റേണൽ റോഡ് നിർമ്മാണം എന്നീ അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിച്ച് നൽകുന്നതിനും എറണാകുളം ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ 27.11.2024ന് ചേർന്ന ബെനിഫിഷറി ഐഡന്റിഫിക്കേഷൻ കമ്മിറ്റി യോഗത്തിൽ ജില്ലാ നിർമ്മിതി കേന്ദ്രത്തെ ചുമതലപ്പെടുത്തുകയും ടി സ്ഥലത്ത് മണ്ണ് പരിശോധന നടത്തുന്നതിന് 1,90,000/- രൂപ 19.02.2025-ൽ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.** |
| (ബി) | പ്രസ്തുത ഭൂമി പ്ലോട്ടുകളായി തിരിക്കാനും പ്ലോട്ടുകൾക്ക് പട്ടയം അനുവദിക്കാനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | **പ്രസ്തുത ഭൂമി നിലവിൽ കൊച്ചി താലൂക്ക് സർവ്വേയർ തയ്യാറാക്കിയ സ്കെച്ച് പ്രകാരം 15 പ്ലോട്ടുകളാക്കി തിരിച്ചിട്ടുള്ളതും ആയതിൽ താമസിക്കാൻ തയ്യാറാണെന്ന് അറിയിച്ച ചാപ്പാക്കടപ്പുറത്തെ 4 കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ എളംകുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ ഭൂരഹിതരായ 6 കുടുംബങ്ങളെയും പ്ലോട്ട് നൽകി പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.** |
| (സി) | പ്രസ്തുത ഭൂമിക്ക് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്കാണ് പ്രസ്തുത ഭൂമി പ്ലോട്ടായി തിരിച്ച് പട്ടയം അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | **നിലവിൽ ടി ഭൂമിയിൽ താമസിക്കാൻ സമ്മതം അറിയിച്ച 10 കുടുംബങ്ങൾക്ക് പട്ടയം അനുവദിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.** |

| | | | |
|---|---|---|---|
| (ഡി) | നിലവിൽ സമ്മതം അറിയിച്ചിട്ടുള്ള അർഹരായ ഗുണഭോക്താക്കൾ ആരെല്ലാമെന്ന് വെളിപ്പെടുത്തുമോ? | (ഡി) | **ചാപ്പാകടപ്പുറത്ത് താമസിക്കാൻ സമ്മതം അറിയിച്ചിട്ടുള്ള അർഹരായ ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**<br><br>1. **സിദ്ധാർത്ഥൻ - പുതിയനികത്തിൽ**<br>2. **പോളി - പുതിയനികത്തിൽ**<br>3. **ഓമന (ദേവകി) - മാങ്കുഴി**<br>4. **അനിത രാധാകൃഷ്ണൻ - തട്ടാംവെളിയിൽ**<br><br>**ലാന്റ് ബാങ്ക് പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ച എളംകുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ ഭൂരഹിതരായ മറ്റു പട്ടികവർഗ്ഗക്കാർ**<br><br>1. **സുനിത – പുതിയനികത്തിൽ**<br>2. **മദനൻ - മാവുങ്കത്തറ**<br>3. **രേഷ്മ പി.ആർ - അഞ്ചുപറക്കണ്ടത്തിൽ**<br>4. **രാജീവ് - തെരുവയിൽ**<br>5. **സുജ – അറക്കപറമ്പ്**<br>6. **രാജേഷ് - പുതിയനികത്തിൽ** |

സെക്ഷൻ ഓഫീസർ